# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 150

02.05.2017-ൽ മറുപടിക്ക്

### തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി തുക വിനിയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. വിൻസെന്റ്<br>,, വി.ടി.ബൽറാം<br>,, പി.ടി. തോമസ്<br>,, സണ്ണി ജോസഫ് | ഡോ. കെ. ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി തുക വിനിയോഗിക്കുന്നതിൽ വേണ്ടത്ര പുരോഗതി കൈവരിക്കാത്തതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി തുക മുൻ വർഷങ്ങളിൽ ചെലവഴിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ 2016-17 ൽ പദ്ധതി തുക വിനിയോഗത്തിൽ കുറവ് വന്നിട്ടുണ്ട്. നിയമസഭാ തെരഞ്ഞെടുപ്പിന്റെ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനെതുടർന്ന് പദ്ധതി ആസൂത്രണത്തിൽ കാലതാമസം നേരിട്ടതിനാൽ പദ്ധതി വിനിയോഗത്തിൽ കുറവുണ്ടായിട്ടുണ്ട്.<br><br>2016-17 വാർഷിക പദ്ധതിയുടെ പ്രവർത്തനങ്ങൾ മിക്കവാറും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഊർജ്ജിതമായി നടന്നത് 2016 മെയ് മാസത്തെ നിയമസഭാ തിരഞ്ഞെടുപ്പിന് ശേഷമാണ്. പുതുതായി രൂപീകരിച്ച നഗരസഭകളിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെയും മറ്റ് ജീവനക്കാരുടെയും അഭാവം പദ്ധതി പ്രവർത്തനത്തെ ബാധിച്ചിരുന്നു. കൂടാതെ നോട്ട് നിരോധനം മൂലമുണ്ടായ പ്രതിസന്ധിയും ഇതിന് കാരണമായിട്ടുണ്ട്. |

ബി) സർക്കാർ അനുവദിച്ച മുഴുവൻ തുകയും ചെലവഴിക്കാതെ പദ്ധതി നിർവ്വഹണത്തിൽ വീഴ്ച വരുത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം മോണിറ്റർ ചെയ്യാറുണ്ടോ; വിശദമാക്കുമോ;

ബി) ഉണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന പദ്ധതി തുകയുടെ ചെലവ് മോണിറ്റർ ചെയ്യുന്നത് ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും ചുമതലയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രോജക്ടുകൾ തയ്യാറാക്കുന്ന വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികളുടെ നിർവ്വഹണവും പദ്ധതിതുക വിനിയോഗവും മോണിറ്റർ ചെയ്യാറുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണം പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റുകൾ വഴിയും ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും മോണിറ്റർ ചെയ്യാറുണ്ട്. കൂടാതെ എല്ലാ ജില്ലകളുടേയും വിവരം ശേഖരിച്ച് പഞ്ചായത്ത് ഡയറക്ടർ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യാറുണ്ട്.

സംസ്ഥാനത്തെ നഗരസഭകളുടെ ഫണ്ട് വിനിയോഗം ദിവസവും മോണിറ്റർ ചെയ്തിരുന്നു. മേഖലാതല അവലോകന യോഗങ്ങളിലും സംസ്ഥാനതല അവലോകന യോഗങ്ങളിലും നിർദ്ദേശങ്ങൾ നൽകിയിരുന്നു.

ജില്ലകൾ തോറും പ്ലാൻ പുരോഗതി മോണിറ്റർ ചെയ്യുന്നതിന് ചാർജ്ജ് ഓഫീസർമാർക്ക് ചുമതല നൽകിയും പദ്ധതി വിഹിതം ചെലവഴിക്കുന്നതിന് പ്രതിമാസ, ത്രൈമാസ ലക്ഷ്യം നിശ്ചയിച്ചും വീഡിയോ കോൺഫറൻസ് നടത്തിയും വകുപ്പ് തലത്തിൽ പ്ലാൻ റിവ്യൂ ചെയ്തിട്ടുണ്ട്.

സി) സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന ഈ സാഹചര്യം ഒഴിവാക്കാൻ എന്തെല്ലാം ഇടപെടലുകളാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കാലതാമസമുണ്ടാകുന്നതിനുള്ള പ്രധാന കാരണം സമയ ബന്ധിതമായി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് കാലതാമസമെടുക്കുന്നതാണ്. പദ്ധതികൾ രൂപീകരിക്കുന്നതിന് കൂടുതൽ സമയം എടുക്കുന്നതിനാൽ പദ്ധതി

നിർവ്വഹണത്തിന് ചുരുങ്ങിയ സമയം മാത്രമാണ് ലഭിക്കുന്നത്. ഇത് പദ്ധതി ചെലവ് കുറയുന്നതിന് കാരണമാകുന്നു. ഈ പോരായ്മ പരിഹരിക്കുന്നതിന് 13-ാം പഞ്ചവത്സര പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ